# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ.19 (a)/2024** **തിരുവനന്തപുരം, തീയതി: 24/01/2024**

## <u>പത്രക്കുറിപ്പ്</u>

**<u>കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കേരളസർവകലാശാലയ്ക്കു സാധിക്കുന്നുണ്ടെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു</u>**

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കേരളസർവകലാശാലയ്ക്കു സാധിക്കുന്നുണ്ടെന്ന് ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു.

കേരളസർവകലാശാല എഡ്യൂക്കേഷൻ പഠന വിഭാഗത്തിന്റെ പുതിയ കെട്ടിടം, ഡെമോഗ്രഫി പഠന വിഭാഗത്തിന്റെ എക്സ്റ്റെൻഷൻ ബ്ലോക്ക്, ബയോകെമിസ്ട്രി പഠന വിഭാഗത്തിന്റെ പുതിയ ലബോറട്ടറി കെട്ടിടം എന്നിവ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ബ്രെയിൻ ഡ്രെയിൻ എക്കാലത്തും കേരളത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ ബ്രെയിൻ ഗയിന്റെ കാലമാണ്. പ്രതിഭകളെ കേരളത്തിൽ നിലനിർത്താൻ സർക്കാർ എല്ലാ സൗകര്യവും ഒരുക്കുന്നുണ്ട്. കേരള സർവകലാശാല റാങ്കിങ്ങിൽ ദേശീയ തലത്തിൽ 10 നുള്ളിൽ എത്താൻ വേണ്ട എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്നും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. മുഖ്യാതിഥിയായി. ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി കൺവീനർ അഡ്വ.ജി.മുരളീധരൻ സ്വാഗതം പറഞ്ഞു. സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ.ആർ.രാജേഷ്, ഡോ.ഷിജുഖാൻ, ഡോ.എസ്.ജയൻ, പ്രൊഫ.(ഡോ.) കെ.ജി.ഗോപ്ചന്ദ്രൻ, പ്രൊഫ.(ഡോ.)പി.എം.രാധാമണി., സെനറ്റ് അംഗങ്ങളായ ഡോ.എസ്.നസീബ്, എസ്.വി. അമർനാദ് എന്നിവർ ആശംസയർപ്പിച്ചു. രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ.എസ്.അനിൽകുമാർ നന്ദി രേഖപ്പെടുത്തി. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.ബിന്ദു ടി. വി., ഡെമോഗ്രഫി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.എസ്. അനിൽ ചന്ദ്രൻ, ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. (ഡോ.) എ.ഹെലൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**